**POLICE** **DEPARTMENT**

**KERALA**


**No. G2(b)-8405/2017/EC**

സിറ്റി പോലീസ് ഓഫീസ് കൊച്ചി

cpekm.pol@kerala.gov.in

04842385000


തീയതി. 10-02-2017

**ലേലപ്പരസ്യം**

എ. ആർ. ക്യാമ്പിൽ പ്രവർത്തനം നടത്തുന്ന സെന്‍ട്രൽ പോലീസ് ക്യാന്റീൻ കെട്ടിടത്തോടു ചേർന്ന് അപകടാവസ്ഥയിൽ നിൽക്കുന്ന വാക, 5 തല്ലി തേങ്ങ (നാടൻ ബദാം മരം) എന്നീ മരങ്ങൾ ലേലം ചെയ്ത് മുറിച്ച് നീക്കം ചെയ്യുന്നതിന് 30/01/2017 തീയതിയിലെ ഉത്തരവ് നമ്പർ ഇ2-238/17 പ്രകാരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ അനുമതി ലഭിച്ചിട്ടുള്ളതാണ്.

ടി ഉത്തരവ് പ്രകാരം പ്രസ്തുത മരങ്ങൾ 2017 ഫെബ്രുവരി മാസം 16-)o തീയ്യതി 11 മണിക്ക് തൃപ്പൂണിത്തുറ സെന്‍ട്രൽ പോലീസ് ക്യാന്റീനിൽ വച്ച് ദർഘാസ് /ലേലം വഴി വിൽപന നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപായി നിരതദ്രവ്യമായി 161/- രൂപ (നൂറ്റി ആറുപത്തി ഒന്ന് രൂപ മാത്രം ) കെട്ടിവച്ച് ലേലത്തിൽ പങ്കുകൊള്ളേണ്ടതാണ്.

മേൽ പറഞ്ഞ മരങ്ങളുടെ വിലയ്ക്ക് മുദ്രവച്ച ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ ലേലത്തലേന്ന് അതായത് 15-)o തീയതി 2 മണി വരെ കൊച്ചി സിറ്റി പോലീസ് മേധാവിയുടെ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ചട്ടപ്രകാരമുള്ള ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കൊച്ചി സിറ്റി പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യതുല്യമായ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിനു മുകളിൽ "സെന്‍ട്രൽ പോലീസ് ക്യാന്റീൻ കെട്ടിടത്തോടു ചേർന്ന് അപകടാവസ്ഥയിൽ നിൽക്കുന്ന വാക, 5 തല്ലി തേങ്ങ (നാടൻ ബദാം മരം) എന്നീ മരങ്ങൾ ലേലതിനുള്ള ദർഘാസ് " എന്ന് പ്രത്യേകം എഴുതേണ്ടതാണ്.

ലേലം കഴിഞ്ഞയുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വച്ച് ദർഘാസുകൾ തുറക്കുന്നതും ലേലപ്പരസ്യത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുകയുള്ളത് ടി തുകയ്ക്ക് താത്കാലികമായി ഉറപ്പിക്കുകയും ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് അപ്പോൾ തന്നെ ലേലം കൊണ്ടയാൾ അടച്ച് രശീത് വാങ്ങുകയും ചെയ്യേണ്ടതാണ്. ബാക്കി തുക നികുതികൾ ഉൾപ്പെടെ (12% വാറ്റ്, 5% വനവികസന നികുതി) ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതിമുതൽ 10 ദിവസത്തിനകം അടച്ച് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും മരങ്ങൾ മുറിച്ച് നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മരങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരുക്കുന്നതുമല്ല.

ലേലം നിശ്ചയിച്ചിരിക്കുന്ന മരങ്ങൾ ലേല തീയതിക്ക് മുൻപുള്ള മൂന്ന് പ്രവത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് ജില്ലാ പോലീസ് മേധാവിയുടെയോ കമാണ്ടന്റിന്റെയോ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവയ്ക്കുവാനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടികൾ റദ്ദ് ചെയ്യുന്നതിനും സിറ്റി പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് കൊച്ചി സിറ്റി പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും..

ദിനേശ് എം. പി. ഐ. പി. എസ്

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : 1) എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, ബറ്റാലിയൻ കമാണ്ടന്റമാർക്കും അറിവിലേക്കും വ്യാപക

G2(b)-8405/2017/EC e578c3

പരസ്യത്തിനുമായി. 2) കൊച്ചി സിറ്റി സായുധ സേനാ വിഭാഗം കമാണ്ടന്റിനും, കൊച്ചി സിറ്റി ഭരണ വിഭാഗം പോലീസ് ഡെപ്യൂട്ടി കമ്മീഷണർക്കും, കൊച്ചി സിറ്റി പോലീസ് ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റിനും അനന്തര നടപടികൾക്കായി. 3) സി. എ. ടു ഡി.പി.സി. 4) ജി2(ബി) സ്റ്റൊക്ക് ഫയലിലേക്ക്. 5) നോട്ടീസ് ബോർഡ്. 6) ബി 1 സെക്ഷന് അനന്തരനടപടികൾക്കായി.

പകർപ്പ് : കൊച്ചി സിറ്റിയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി.

Internal Administrative Processing System
iAPS
KERALA POLICE